# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2004    07/12/2015-ൽ മറുപടിയ്ക്ക്**

**മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ**

| ചോദ്യം<br>ശ്രീ. സാജു പോൾ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യ ഉൽപ്പാദന രംഗം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) 2012 മുതൽ 2015 വരെയുള്ള കാലയളവിൽ നടപ്പാക്കിയ മത്സ്യ സമൃദ്ധി പദ്ധതി മുഖേന ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി ഉൾനാടൻ മത്സ്യോല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ഉദ്യമം ലക്ഷ്യം കണ്ടിരുന്നു.<br><br>2015-18 കാലയളവിൽ 1.5 ലക്ഷം മെട്രിക് ടൺ അധിക മത്സ്യ ഉല്പാദനം പ്രതീക്ഷിച്ചുകൊണ്ട് മത്സ്യസമൃദ്ധി II എന്ന പേരിൽ പുതിയൊരു പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>***ജല കർഷക വികസന ഏജൻസി (അഡാക്ക്) വഴി നടപ്പിലാക്കുന്ന പദ്ധതികൾ:***<br><br>സംസ്ഥാനാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി ജല കർഷക വികസന ഏജൻസി മുഖേന പൊക്കാളി നിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു മീനും-കുട്ടനാട്-കോൾ നിലങ്ങളിൽ, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയും 13-ാം ധനകാര്യകമ്മിഷൻ കുട്ടനാട്ട് പാക്കേജ് പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വെള്ളായണി കായലിൽ ഒരു മത്സ്യ സങ്കേതം സ്ഥാപിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പാതിരാമണലിൽ 10 ഹെക്ടർ സ്ഥലത്ത് ഒരു മത്സ്യസങ്കേതം സ്ഥാപിക്കാനുള്ള നടപടിയും പുരോഗമിച്ച് വരുന്നു. NFDBയുടെ ധനസഹായ ത്തോടുകൂടി കേരളത്തിലെ 18 ജലസംഭരണികളിൽ മത്സ്യവിത്തു നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. അതിനു പുറമെ ആയിരംതെങ്ങ് ഫാമിൽ നൂതന ജലകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല മത്സ്യകൃഷി, സമുദ്രജല മത്സ്യങ്ങളുടെ കൂടുകൃഷി, പെൻ മത്സ്യകൃഷി എന്നിവയും പൊയ്യ ഫാമിലെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി പൂമീൻ, കരിമീൻ, തിരുത, കാളാഞ്ചി, പൊംപാനോ, വനാമി എന്നിവയും കൃഷി ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ആർ.കെ.വി.വൈ പദ്ധതി പ്രകാരം സമഗ്ര കോൾ വികസന പദ്ധതിയുടെ ഭാഗമായി തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച്/ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

***ഫിർമ വഴി നടപ്പിലാക്കുന്ന പദ്ധതികൾ:***

നാടൻ മത്സ്യ ഇനങ്ങളുടെ വംശവർദ്ധനവിനായി ഇരിട്ടിപ്പുഴ, ശാസ്താംകോട്ട കായൽ, പെരിയാർ, പമ്പയാർ, ചാലിയാർ, നീലേശ്വരം നദി എന്നിവിടങ്ങളിൽ ഫിർമ മത്സ്യ സങ്കേതം സ്ഥാപി ച്ചിട്ടുണ്ട്. പമ്പയാർ, മൂവാറ്റുപുഴ, ചേലൂർ കായൽ, നീലംപേരൂർ, കുമരകം, വളപട്ടണം പുഴ എന്നിവിടങ്ങളിലും സാങ്ച്വറികൾ സ്ഥാപിച്ചു വരുന്നു. വളപട്ടണം പുഴയിലെ ആറ്റുകൊഞ്ചിന്റെ പുനരുജ്ജീവനത്തിനുള്ള പദ്ധതി 3 വർഷങ്ങളായി ഫിർമ നടപ്പിലാക്കി വരുന്നു. കുട്ടനാടൻ കൊഞ്ചിന്റേയും കരിമീനിന്റേയും റീസ്റ്റോറേഷൻ റാഞ്ചിംഗ് ആന്റ് റിക്രൂട്ട്മെന്റ് എന്ന പദ്ധതി പ്രകാരം കുട്ടനാട് പ്രദേശത്തെ ജലാശയങ്ങളിൽ ആറ്റുകൊഞ്ചും കരിമീനും നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഉൾനാടൻ ജലാശയങ്ങൾ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിരുന്നു. ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽപ്പറഞ്ഞ ജില്ലകളിലെ പൊതുജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്.

സി) മത്സ്യ കർഷകർക്ക് എന്തൊക്കെ സബ്സിഡികളാണ് നൽകി വരുന്നത്; വിശദമാക്കാമോ;

സി) സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യകേരളം, മത്സ്യസമൃദ്ധി പദ്ധതിI, നിലവിൽ നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതി എന്നിവ മുഖാന്തിരം സംസ്ഥാനത്ത് വിവിധ തരത്തിലുള്ള ഉൾനാടൻ മത്സ്യകൃഷി രംഗത്ത് പ്രവർത്തിക്കുന്ന കർഷകർക്ക് മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ ഇൻപുട്ട് സബ്സിഡിയായി നൽകിവരുന്നു. കൂടാതെ സൗജന്യ മത്സ്യകൃഷി ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ കർഷകർക്ക് പരിശീലനം നൽകൽ, മത്സ്യകൃഷിയെക്കുറിച്ചുള്ള സൗജന്യ കൈപ്പുസ്തകം വിതരണം ചെയ്യൽ തുടങ്ങിയ വളരെയധികം പ്രോത്സാഹനങ്ങൾ ഈ മേഖലയിൽ കർഷകർക്ക് ലഭ്യമാക്കി വരുന്നു.

വിവിധ സബ്സിഡി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘടക പദ്ധതികൾ | ഏരിയ | സബ്സിഡി തുക (രൂപയിൽ) |
|---|---|---|---|
| 1 | ശുദ്ധജല മത്സ്യകൃഷി | ഒരു ഹെക്ടർ | 10000 |
| 2 | മത്സ്യ/ചെമ്മീൻകൃഷി (പാടശേഖരങ്ങളിലും കോൾ പാടങ്ങലിലും | ഒരു ഹെക്ടർ | 10000 |
| 3 | ചെമ്മീൻ കൃഷി (പൊക്കാളി, കൈപ്പാട് നിലങ്ങൾ, സ്വകാര്യ കുളങ്ങൾ) | ഒരു ഹെക്ടർ | 20000 |
| 4 | കല്ലുമ്മേക്കായ കൃഷി | യൂണിറ്റ് | 2500/യൂണിറ്റ് |
| 5 | ഞണ്ട് പരിപോഷണം (ഞണ്ടു കൊഴുപ്പിക്കൽ) കൃഷി | യൂണിറ്റ് | 12500/യൂണിറ്റ് |

(1) നെല്ലും മീനും പദ്ധതി - 1 ഹെക്ടറിന് 1,48,680/- രൂപ
(2) കൂടുകളിലെ കരിമീൻ കൃഷി - ഒരു ഗ്രൂപ്പിന് 8 ലക്ഷം രൂപ
(3) വലവളപ്പുകളിലെ കൃഷി - ഒരു ഗ്രൂപ്പിന് 5 യൂണിറ്റുകളുടെ ആനുകൂല്യം (90,000/- രൂപ)
(4) കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000/- രൂപ

കൂടാതെ കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി യ്ക്ക് പാടശേഖര സമിതികൾക്ക് നഴ്സറി ബണ്ട് നിർമ്മാണത്തിന് (60%) മത്സ്യആറ്റുകൊഞ്ച് വിത്തുകൾക്ക് (100%) കുളം ഒരുക്കലിനും മത്സ്യതീറ്റയ്ക്കും (75%) സബ്സിഡി നൽകി വരുന്നു. മത്സ്യ കർഷക വികസന ഏജൻസി

വഴിയായി മത്സ്യ കർഷകർക്കായി മത്സ്യകുളം നിർമ്മാണം, മത്സ്യതീറ്റ, മത്സ്യകുളം പുനരുദ്ധാരണം എന്നിവയ്ക്കുള്ള സബ്സിഡി വിതരണം ചെയ്തു വരുന്നു. മത്സ്യകുളം നിർമ്മാണ ത്തിന് സെന്റൊന്നിന് 368/- രൂപയും മത്സ്യതീറ്റയ്ക്ക് സെന്റൊന്നിന് 40/- രൂപയും മത്സ്യകുളം പുനരുദ്ധാരണത്തിന് സെന്റൊന്നിന് 60/- രൂപയും സബ്സിഡിയായി നൽകി വരുന്നു.

ഡി) ഇവർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഡി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും അനുബന്ധ തൊഴിലാളികൾക്കുമാണ് പെൻഷൻ നൽകി വരുന്നത്. മത്സ്യ കർഷകർക്ക് നിലവിൽ പെൻഷൻ നൽകി വരുന്നില്ല. മത്സ്യകർഷകർക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ആഫീസർ